പത്രക്കുറിപ്പ്

# കഞ്ചാവ് മൊത്ത വിൽപ്പന:

## എട്ട് കിലോ കഞ്ചാവുമായി ഒരാൾ പിടിയിൽ

കോവിഡ്-19

## വിലക്ക് ലംഘനം: 54 പേർക്കെതിരെ നിയമനടപടി

## 15,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- നഗരത്തിൽ കഞ്ചാവ് മൊത്ത വിൽപ്പന നടത്തിവന്നയാളെ 8 കിലോ കഞ്ചാവുമായി പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മുട്ടട മുണ്ടേക്കോണം പനയിൽ വീട്ടിൽ മുഹമ്മദ് ഷാനവാസ് (34) - നെയാണ് ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (ഡാൻസാഫ്) ടീമിന്റെ സഹായത്തോടെ തിരുവല്ലം പോലീസ് അറസ്റ്റ് ചെയ്തത്. നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ലഹരി വസ്തുക്കളുടെ കടത്തും വിപണനവും തടയുന്നതിനായി ഡെപ്യൂട്ടി കമ്മീഷണർ ഡോ.വൈഭവ് സക്സേനയുടെ നിർദ്ദേശാനുസരണം പ്രത്യേക ടീം



തിരുവല്ലം പോലീസ് അറസ്റ്റ് ചെയ്ത മുഹമ്മദ് ഷാനവാസ് (34)

രൂപികരിച്ച് നടത്തി വരുന്ന സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി നടത്തിയ അന്വേഷണത്തിലാണ് ഇയാൾ കുടുങ്ങിയത്. സ്പെഷ്യൽ ബ്രാഞ്ച് അസി. കമ്മീഷണർ ബിനുകുമാറിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ, നഗരത്തിലെ ചില്ലറ വിൽപ്പനക്കാർക്ക് കഞ്ചാവ് മൊത്ത വിൽപ്പന നടത്തുന്ന ഷാനവാസിനെ ഡാൻസാഫ് ടീം ദിവസങ്ങളായി നിരീക്ഷിച്ച് വരികയായിരുന്നു. ഇയാളുടെ നീക്കങ്ങൾ മനസിലാക്കിയ ടീം തിരുവല്ലം പോലീസുമായി ചേർന്ന് തിരുവല്ലം മുട്ടയ്ക്കാടുള്ള വാടക വീട്ടിൽ നിന്നുമാണ് 8 കിലോ കഞ്ചാവുമായി പിടികൂടിയത്. ഇയാൾക്കെതിരെ മണ്ണന്തല ,മെഡിക്കൽ കോളേജ്, പേരൂർക്കട, അരുവിക്കര, കാട്ടാക്കട തുടങ്ങിയ സ്റ്റേഷനകളിൽ നിരവധി ക്രിമിനൽ കേസുകൾ നിലവിലുണ്ട്. തിരുവല്ലം എസ്.എച്ച്.ഒ രാജീവ്, എസ്.ഐ പ്രകാശ്, എ.എസ്.ഐ ഗിരീശൻ, സി.പി.ഒ ഹാരോൺ, ഡാൻസാഫ് എസ്.ഐ ഗോപകുമാർ ടീം അംഗങ്ങളായ സജി, വിനോദ്, രഞ്ജിത്, അരുൺ, ഷിബു, നാജിബഷീർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. വരും ദിവസങ്ങളിലും ഊർജിതമായ പരിശോധനകൾ തുടരുമെന്നും ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (13-03-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 54 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 20

പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്- 2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 30 പേരിൽ നിന്നും 15,000/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 4 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
13-03-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി